പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7221 03.11.2011- ലെ മറുപടിക്ക്

'സാന്ത്വന' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസി മലയാളികളുടെ ചികിത്സയ്ക്കും, മരണമടഞ്ഞ പ്രവാസികളുടെ കുടുംബത്തിനും ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; | (എ) വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കളിൽ നിന്നും, മറ്റ് വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്നും, അപേക്ഷ ലഭിക്കുന്നതനുസരിച്ച് ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിനായി അതാത് എംബസികളുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുണ്ട്. മരണപ്പെട്ട ആളുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ വിദേശത്തുള്ള ബന്ധുവിന്റെയോ സുഹൃത്തുക്കളുടെയോ വിവരങ്ങളും, അഫിഡവിറ്റും, പവർ ഓഫ് അറ്റോർണിയും ഉൾക്കൊള്ളുന്ന അപേക്ഷ എംബസികൾക്ക് അയച്ചു കൊടുക്കുകയും നിരന്തരമായി ബന്ധപ്പെട്ട് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു . കൂടാതെ താഴെപ്പറയുന്ന സഹായ പദ്ധതികളും നടപ്പാക്കി വരുന്നു.<br><br>I. **സാന്ത്വന**<br><br>ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക |

വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയ്ക്ക്/ പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 10,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്.

## 2. <u>കാരുണ്യം</u>

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

## 3. ചെയർമാൻ ഫണ്ട്

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം

അനുവദിക്കാറുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

4. കേരള പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള അംഗങ്ങൾക്ക് ചികിത്സാ സഹായം, അംഗം മരണമടയുമ്പോൾ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നിബന്ധനകൾക്കനുസൃതമായി നൽകിവരുന്നുണ്ട്.

**(ബി) 'സാന്ത്വന' പദ്ധതിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകളെത്ര; ഇതിൽ ഇപ്പോഴും സഹായം നൽകിയിട്ടില്ലാത്തവ എത്ര?**

(ബി) സാന്ത്വന പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി ആകെ ഇതുവരെ 5130 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 1824 അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 2566 അപേക്ഷകൾ അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്. 740 അപേക്ഷകൾ പരിഗണിച്ചു കൊണ്ടിരിക്കുന്നു. നിരസിച്ചവയുടെ കൂട്ടത്തിൽ പ്രാഥമിക യോഗ്യതകൾ പോലും ഇല്ല എന്നതിനാൽ നോർക്ക – റൂട്ട്സിന്റെ തലത്തിൽ നിരസിച്ചവയും ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ